സാഹിത്യവാരഫലം

1986/05/18 (കലാകൗമുദി)

എം. കൃഷ്ണൻ നായർ

Copyright © 2014-2021, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

സാഹിത്യവാരഫലം

1986/05/18-ൽ കലാകൗമുദി വാരികയിൽ പ്രസിദ്ധീകരിച്ചത്.

സരസ്വതി അമ്മ

രസതന്ത്രശാസ്ത്രവും ഭൗതികശാസ്ത്രവും ഐച്ഛികവിഷയങ്ങളായി സ്വീകരിച്ചു വളരെക്കാലം ബി. എസ്‌സി. ക്ലാസ്സിൽ പഠിച്ചിരുന്ന ഞാൻ വേണ്ടിടത്തോളം ആലോചനയില്ലാതെ മലയാളം പഠിക്കാനായിപ്പോയി. ആദ്യത്തെ ക്ലാസ് കരിങ്കുളം നാരായണപിള്ളസ്സാറിന്റേത്; 'രാമചരിതം'. "കാനനങ്കളിലരൻ കളിറുമായ്" എന്നു തുടങ്ങുന്ന പദ്യഭാഗം വായിച്ച് വ്യാഖ്യാനിക്കാൻ ആരംഭിച്ചു ഗുരുനാഥൻ. അപ്പോൾത്തന്നെ എനിക്കു മതിയായി. മുൻകരുതലില്ലാതെ കെമിസ്ട്രി ഉപേക്ഷിച്ചതു് ബുദ്ധിശൂന്യമായിപ്പോയിയെന്നു തോന്നി. ക്ലാസ് കഴിഞ്ഞ് ദുഃഖത്തോടെ വരാന്തയിൽ നിന്നപ്പോൾ കഥയെഴുത്തുകാരിയെന്ന നിലയിൽ അന്നേ കീർത്തിനേടിയ പാൽക്കുളങ്ങര സരസ്വതി അമ്മ എന്റെ അടുത്തെത്തി ചോദിച്ചു: "എന്താ വൈതരണിയിൽ പെട്ടപോലെ നില്ക്കുന്നതു്?" ഞാൻ മറുപടി നല്കി: "മലയാളം പഠിക്കാനായി കെമിസ്ട്രി വേണ്ടെന്നുവച്ച മണ്ടത്തരം ഓർമ്മിച്ച്". പെട്ടെന്നു സരസ്വതി അമ്മ പറഞ്ഞു: "ഞ്ഹാ, ചങ്ങമ്പുഴക്കവിതയിലെ പ്രേമവും മറ്റും കള്ളമാണെന്നും ഈ ലോകത്ത് എന്തു കാണുന്നുവോ അതിനെ അതേ രീതിയിൽ ചിത്രീകരിക്കുകയാണ് വേണ്ടതെന്നും ഞാൻ ചങ്ങമ്പുഴയോടു പറഞ്ഞു. അതനുസരിച്ച് അദ്ദേഹമെഴുതിയ റീയലിസ്റ്റിക് കവിതയാണ് 'എങ്ങനെയോ അങ്ങനെ' എന്നതു്. നിങ്ങൾ അതുവായിച്ചു നോക്കു". ഇത്രയും ആജ്ഞാപിച്ചിട്ട് സരസ്വതിഅമ്മ പോയി. ഞാൻ ആ കാവ്യം തേടിയെടുത്തു വായിച്ചു.

> "...മുട്ടയൊന്നു കടിച്ചിതെന്നെ
> പിടഞ്ഞുടനെഴുന്നേറ്റു പല്ലൊരല്പമിളിച്ചുകൊ-
> ണ്ടിടം കൈയാൽ, പൃഷ്ഠം, നിന്നു ചൊറിയുന്നു ഞാൻ".

കാല്പനികാംശം പോയാൽ കവിത കവിതയല്ലാതെയാകും എന്നു തെളിയിക്കാനാണ് ചങ്ങമ്പുഴ ഇതെഴുതിയതു്. യഥാതഥമായ കാവ്യത്തിലൂടെ കവി സ്പഷ്ടമാക്കിത്തന്ന ഈ സത്യം ആരു മാനിക്കുന്നില്ലയോ അയാൾ കവിയല്ല. കാരണമുണ്ട്. കവിത—കല—ജീവിതത്തിന്റെ വാസ്തവിക ചിത്രീകരണമല്ല. അതിന്റെ (ജീവിതത്തിന്റെ) മനോഹരമായ രൂപാന്തരീകരണമാണ്. ഈ മാറ്റംവരുത്താൻ കവിയെ സഹായിക്കുന്നതു് ചിത്രകല്പനയാണ്. "പൂവുവേണമോ പൂവു നാലണയ്ക്കാരെങ്കിലും കൊണ്ടുകൊൾവിൻ..." എന്നു പറഞ്ഞാൽ രൂപാന്തരീകരണമില്ല. എന്നാൽ "ആരുവാങ്ങുമിന്നാരുവാങ്ങുമീയാരാമത്തിന്റെ രോമാഞ്ചം?" എന്നു പറഞ്ഞാൽ ജീവിതത്തിനു മാറ്റംവന്നു. അതു കവിതയായി. ചിത്രകല്പനകൊണ്ടുവരുത്തുന്ന മാറ്റം ഹൃദയഹാരിയായിരിക്കണം. പച്ചസ്സൂര്യപടം കൊണ്ടുള്ള റവുക്കയണിഞ്ഞവളെ കണ്ടിട്ട് "അർക്കകാന്തിയിൽ വിളങ്ങിനശ്ശീമച്ചക്ക പോലെ ഹൃദയം കവരുന്നു" എന്നാണ് എഴുതുന്നതെങ്കിൽ അത് എഴുതിയ ആളിന്റെ ഹൃദയം മാത്രമേ അതു കവരുന്നുള്ളു. അനുവാചകനു് ഓക്കാനമാണുണ്ടാവുക.

ദൃഢീകരണം ജീവിതത്തിന്



സർക്സീസ്

പെർഷൻ ചക്രവർത്തിയായിരുന്ന സർക്സീസ് (Xerxes) ഗ്രീസ് ആക്രമിക്കാനായി വമ്പിച്ച സൈന്യവുമായി പോയി. ഹെലിസ്പൊന്റിൽ തന്റെ നാവികസൈന്യത്തെക്കണ്ട് അദ്ദേഹം ആദ്യം ആഹ്ലാദിച്ചെങ്കിലും പിന്നീട് കരഞ്ഞു. അതുകണ്ട് ചക്രവർത്തിയുടെ അമ്മാവൻ അദ്ദേഹത്തോടു ചോദിച്ചു: "അങ്ങ് ഇപ്പോൾ ചെയ്യുന്നതു് അല്പം മുൻപുള്ള പ്രവർത്തനത്തിൽ നിന്നു വിഭിന്നമല്ലേ? അപ്പോൾ അങ്ങ് സ്വയം അഭിനന്ദിച്ചു. നോക്കൂ, ഇപ്പോൾ കരയുന്നു". ഇതു കേട്ട ചക്രവർത്തി പറഞ്ഞു: "മനുഷ്യജീവിതത്തിന്റെ ഹ്രസ്വത ഓർമ്മിച്ചപ്പോൾ പെട്ടെന്ന് എനിക്കു കാരുണ്യം തോന്നി. നൂറുകൊല്ലം കഴിയുമ്പോൾ ഈ അസംഖ്യമാളുകളിൽ ഒരുത്തൻപോലുമുണ്ടായിരിക്കുകയില്ലല്ലോ". (Histories, Herodotus, Chapters 45–46.)

ഒരു കഥകൂടി പറയാം. രണ്ടുപേർ തമ്മിൽ വസ്തുവിനെക്കുറിച്ചു തർക്കമുണ്ടായി. അവർ ഒരു സന്ന്യാസിയെ സമീപിച്ച് ഉടമസ്ഥൻ ആരാണെന്ന് തീരുമാനിക്കണമെന്ന് അപേക്ഷിച്ചു. അദ്ദേഹം നിർദ്ദേശിച്ചതു് ഇങ്ങനെയാണ്: നൂറു കൊല്ലം കഴിഞ്ഞ് രണ്ടുപേരും വരു.



ഇതിൽ ആദ്യത്തേതു് ചരിത്രത്തോടു ബന്ധപ്പെട്ടതു്. രണ്ടാമത്തേതു് കഥ. അതിനാൽ ആദ്യത്തേതു് അച്ചടിച്ചോ, ഇന്ത്യൻ ഇങ്കിൽ എഴുതിയോ ഫ്രെയിം ചെയ്ത് ചിലർ മേശപ്പുറത്തു വയ്ക്കേണ്ടതാണ്.

മരണം യാഥാർത്ഥ്യംതന്നെ. അതു് നമ്മെ എന്നും ഓർമ്മിപ്പിക്കുന്ന സർക്സീസിനു് നന്ദി. പക്ഷേ, മരണത്തെ ചിത്രീകരിച്ച് അനുവാചകനെ ജാഡ്യത്തിലേക്ക് എറിയുന്നതിനെക്കാൾ നല്ലതു് ജീവിതത്തിനു് പ്രാധാന്യം നൽകി അതിനു് ദൃഢീകരണമോ സ്ഥിരീകരണമോ വരുത്തുകയാണ്. നമ്മുടെ പേരുകേട്ട സാഹിത്യകാരന്മാരൊക്കെ അങ്ങനെയേ പ്രവർത്തിച്ചിട്ടുള്ളു. വള്ളത്തോൾ, കമാരനാശാൻ, ഉള്ളൂർ, സി. വി. രാമൻപിള്ള, തകഴി, ബഷീർ, കേശവദേവ്, പൊറ്റെക്കാട്ട്, ഉറൂബ്, പൊൻകുന്നം വർക്കി ഇങ്ങനെ പലരും. ജീവിതത്തെ ഇമ്മട്ടിൽ സ്ഥിരീകരിക്കുന്ന പ്രഖ്യാതമായ ഒരു കഥയുണ്ട് തോമസ് മാനിന്റേതായി (വേറൊരു വാരികയിൽ എഴുതി ഇതിനെക്കുറിച്ച്) പള്ളിയിലെ ശ്മശാനത്തിലേക്കുള്ള പാത രാജവീഥിക്കു സമാന്തരമാണ്. അതിലൂടെ ഒരു വൃദ്ധൻ നടക്കുന്നു. പ്രിയപ്പെട്ടവരുടെ ശവകുടീരങ്ങൾ കാണാനാണ് അയാളുടെ പോക്ക്. വിഭാര്യൻ. കറുത്ത വേഷം ധരിച്ചവൻ. ബന്ധുക്കളെല്ലാം മരിച്ചു. ജീവിതം തളർത്തിക്കളഞ്ഞ ആ മനുഷ്യൻ അങ്ങനെ നടക്കുമ്പോൾ ആ പാതയിലൂടെ തന്നെ ഒരു ചെറുപ്പക്കാരൻ സൈക്കിളിൽ വരുന്നു. സൂര്യൻ പെഡലുകളിൽ പ്രകാശിക്കുന്നു. ഹ്ററാ, ഹ്ററാ, ശ്മശാനത്തിലേക്കുള്ള വഴിയിലൂടെ ഒരു വാഹനത്തിലും വരാൻ പാടില്ല. വൃദ്ധൻ പൊലീസിനു റിപ്പോർട്ട് ചെയ്യുമെന്ന മട്ടിൽ സൈക്കിളിന്റെ നമ്പർ വിളിച്ചു പറഞ്ഞു. യുവാവ് അല്ലെങ്കിൽ ജീവിതം തിരിഞ്ഞുനിന്നു ചോദിച്ചു: "നിങ്ങളെന്തു പറഞ്ഞു?" തർക്കമായി. യുവാവ് മര്യാദകേടായി സംസാരിച്ചിട്ട് സൈക്കിളിൽ കയറി. വൃദ്ധൻ—ജീർണ്ണത—അതു പിടിച്ചുവലിച്ചു. ജീവിതം—യുവാവ്—അക്രമാസക്തനായി. അയാൾ കിഴവനെ പിടിച്ചു തള്ളിയിട്ട് സൈക്കിളിൽ കയറി പോയി. "അവനെ തടയൂ; അവനെ തടയൂ" എന്ന് വൃദ്ധൻ നിലവിളിച്ചു. ഫലമില്ല. യുവാവ് അപ്രത്യക്ഷനായി. അതുമിതും പുലമ്പി അയാൾ തകർന്നു വീണു. കറുത്ത വസ്ത്രത്തിന്റെ ഒരു കൂമ്പാരം. ചുറ്റും ആളുകൾ. റെഡ്ക്രോസ്സുകാരുടെ ആംബുലൻസ് വന്നു. കിഴവന്റെ മൃതദേഹം അതിലെടുത്തിട്ടുകൊണ്ടു പോകുമ്പോൾ കഥ അവസാനിക്കുന്നു. മരിച്ചയാളിന്റെ നേർക്കു കാരുണ്യത്തിന്റെ നീർച്ചാല് ഒഴുകുന്നുണ്ടെങ്കിലും കഥാകാരൻ ജീവിതത്തിന്റെ അദമ്യാവസ്ഥയെ ചിത്രീകരിച്ച് അതിനു് ദൃഢീകരണം നല്കുകയാണ്.

> പ്ലാറ്റ്ഫോമിൽ കയറിനിന്ന് മാന്യന്മാരെ തൊണ്ടകീറി ആക്ഷേപിക്കുന്ന നിരൂപകരെക്കാൾ, വെള്ളച്ചുവരു കണ്ടാൽ ഉടനെ കരിക്കട്ടയെടുത്ത് വൃത്തവും താളവും അർത്ഥവുമില്ലാതെ നാലുവരി എഴുതുന്ന കവികളെക്കാൾ പ്രഗല്ഭരായ നൂറുകണക്കിനു നിരൂപകരും കവികളും കേരളത്തിലുണ്ട്.

സുവ്യക്തമായ ചിന്തകളില്ലാത്ത 'കഥ പറയും കഥമാമൻ' എന്ന കഥയിലൂടെ വി. ആർ. സുധീഷ് അനുഷ്ഠിക്കുന്ന കൃത്യവും ഇതുതന്നെ എന്നു തോന്നുന്നു. ഭൂതകാലത്തിന്റെ കഥകൾ പറയുന്ന ഒരു പുരുഷൻ, വർത്തമാനകാലത്തിന്റെ കഥകൾ പറയുന്ന ഒരു സ്ത്രീ. പുരുഷൻ നിരാകരിക്കപ്പെടുന്നു. സ്ത്രീ ആത്മഹത്യ ചെയ്യുന്നു. പുരുഷനെ നിരാകരിക്കുന്നതിലൂടെ ജീവിതത്തെ സ്ഥിരീകരിക്കുന്നുണ്ട് കഥാകാരൻ. എന്നാൽ ആ സ്ത്രീയെ നിഗ്രഹിച്ചതെന്തിനെന്നു മനസ്സിലായില്ല എനിക്ക്. പുതിയ രീതിയിൽ കഥ പറഞ്ഞിട്ടുണ്ട് സുധീഷ്. ചില സ്ഥലങ്ങളിൽ ഭാവാത്മകതയുമുണ്ട്. പക്ഷേ, സ്പഷ്ടതയ്ക്കു് ആഘാതമേല്പിച്ചുകൊണ്ടുള്ള പ്രതിപാദനം വായനക്കാരനെ ക്ലേശത്തിലേക്ക് എറിയുന്നു.

സത്യവും ചിന്തയും കൂട്ടിമുട്ടുമ്പോൾ ചിന്തയ്ക്കു് ദാർഢ്യമുണ്ടെങ്കിലേ സത്യത്തെ സാക്ഷാത്കരിക്കാനാവൂ. അല്ലെങ്കിൽ ചിന്ത പതറി നിന്നുപോകും.

വങ്കത്തം

ഞാൻ തിരുവനന്തപുരത്തെ സംസ്കൃതകോളേജിൽ അദ്ധ്യാപകനായിരുന്ന കാലത്ത് എന്റെ സഹപ്രവർത്തകനായിരുന്നു ഇന്ന് ഇംഗ്ലീഷ് പ്രൊഫസറായിരിക്കുന്ന സി. റ്റി. തോമസ്. അദ്ദേഹം മദ്രാസിലെ ഒരു കോളേജിൽ പഠിച്ചിരുന്ന കാലത്തുണ്ടായ സംഭവം എന്നോടു പറഞ്ഞു. അവിദഗ്ദ്ധനായ ഒരദ്ധ്യാപകൻ ആ കോളേജിൽ ഷേക്സ്പിയറിന്റെ കൃതികൾ പഠിപ്പിച്ചിരുന്നു. അദ്ധ്യാപകന്റെ 'ബോറ്' സഹിക്കാനാവാതെ ഒരു കുട്ടി അടുത്തിരുന്നവനോടു സംസാരിച്ചപ്പോൾ അദ്ദേഹത്തിനു ദേഷ്യംവന്നു. തന്റെ, കൈയിലിരുന്ന 'ട്വൽഫ്ത്ത് നൈറ്റ്' എന്ന ഷേക്സ്പിയർ നാടകം തൊട്ടുകൊണ്ട് അദ്ദേഹം സംസാരിച്ച കുട്ടിയോടു ചോദിച്ചു: "Is Twelfth Night a tragedy or a comedy?" വിദ്യാർത്ഥി മറുപടി പറഞ്ഞു: "Sir it is a comedy, but it is a tragedy in your hands".

ഈ വിദ്യാർത്ഥി അയാളുടെ സാറിനെക്കാൾ ബുദ്ധിമാനാണ്. ഏതു തലത്തിലും ഇതു കാണാം. ഞാൻ കോളേജിൽ പ്രൊഫസറായിരുന്നു. എന്നെക്കാൾ വിദഗ്ദ്ധരായ പല വിദ്യാർത്ഥികളും എന്റെ ക്ലാസ്സുകളിൽ ഉണ്ടായിരുന്നു. മത്സരപരീക്ഷയിൽ ജയിച്ച് സമുന്നതമായ ജോലി നേടുന്ന വ്യക്തികളെക്കാൾ ആയിരമടങ്ങു ബുദ്ധിശക്തിയും കഴിവുമുള്ള ഗുമസ്തന്മാർ അവരുടെ ഓഫീസിൽത്തന്നെ കാണും. ഒരുദാഹരണം പറയാം. ഞാൻ സെക്രട്ടേറിയറ്റിൽ ക്ലാർക്കായിരുന്ന കാലത്തു ചന്ദ്രചൂഡൻ നായർ എന്നൊരു ബുദ്ധിമാൻ ക്ലാർക്കായി അവിടെ ഉണ്ടായിരുന്നു. അദ്ദേഹം അക്കാലത്തെ ഏതു സെക്രിട്ടറിയെക്കാളും ചീഫ് സെക്രിട്ടറിയെക്കാളും വിദഗ്ദ്ധനായിരുന്നു. സെക്രിട്ടറി എഴുതിയ നോട്ടിൽ കുറുകെ ഒരു വര വരച്ചിട്ട് ചന്ദ്രചൂഡൻ നായരെന്ന ക്ലാർക്ക് എഴുതിയ നോട്ടിന്റെ മാർജ്ജിനിൽ A very good note. This is the kind of note that I want എന്നു സർ. സി. പി. രാമസ്വാമി അയ്യർ പലതവണ എഴുതിയതു് ഞാൻ കണ്ടിട്ടുണ്ട്. (ചന്ദ്രചൂഡൻനായർ പിന്നീട് ഇൻകംടാക്സ് ഡിപ്പാർട്ട്മെന്റിൽ ഉദ്യോഗസ്ഥനായി. പെൻഷൻ വാങ്ങി. ഇപ്പോൾ കൊല്ലത്തിനടുത്തു താമസിക്കുന്നു.) ഇതൊക്കെ അംഗീകരിക്കേണ്ട സത്യമാണ്. അതുപോലുള്ള സത്യങ്ങൾ വേറെയും പലതുണ്ട്. എന്നെക്കാൾ ഭംഗിയായി ഈ പംക്തി കൈകാര്യം ചെയ്യാൻ കഴിയുന്നവർ ആയിരക്കണക്കിന്, ലക്ഷക്കണക്കിനു കാണും. പരിതഃസ്ഥിതികൾ എനിക്ക് അനുകൂലമായി വന്നതുകൊണ്ട് ഞാനിങ്ങനെ എഴുതുന്നു എന്നേയുള്ളൂ. പ്ലാറ്റ്ഫോമിൽ കയറിനിന്ന് മാന്യന്മാരെ തൊണ്ടകീറി ആക്ഷേപിക്കുന്ന നിരൂപകരെക്കാൾ, വെള്ളച്ചുവരു കണ്ടാൽ ഉടനെ കരിക്കട്ടയെടുത്ത് വൃത്തവും താളവും അർത്ഥവുമില്ലാതെ നാലുവരിയെഴുതുന്ന കവികളെക്കാൾ പ്രഗല്ഭരായി നൂറുകണക്കിനു നിരൂപകരും കവികളും കേരളത്തിലുണ്ട്. അവരുടെ പേരുകൾ അച്ചടിക്കപ്പെടുന്നില്ല എന്നേയുള്ളു. പ്രൊഫസറന്മാരും മത്സരപരീക്ഷയിൽ ജയിച്ച ഉദ്യോഗസ്ഥന്മാരും സാഹിത്യ വാരഫലക്കാരും നിരൂപകരും കവികളും ഇതറിയണം. അറിഞ്ഞില്ലെങ്കിൽ അതിനെയാണ് ഇംഗ്ലീഷിൽ സ്നോബറി എന്നു വിളിക്കുന്നതു്. മൂല്യങ്ങളെക്കുറിച്ച് തെറ്റായ സങ്കല്പങ്ങൾ അവർ സമുദായത്തിൽ പ്രചരിപ്പിക്കുന്നു. അതിന്റെ ഫലമായി സംസ്കാരം തകരുന്നു. ദേശാഭിമാനിവാരികയിൽ 'അന്യരുടെ വിശേഷങ്ങൾ' എന്ന 'പരട്ട്'ക്കഥ എഴുതിയ വിജയൻ ആറ്റിങ്ങൽ തന്നെക്കുറിച്ച് എന്തു വിചാരിക്കുന്നോ എന്തോ? പേരച്ചടിച്ചു കാണാൻ താനൊരു കഥ ദേശാഭിമാനിവാരികയ്ക്കു് അയച്ചു; അതു മഷി പുരണ്ടുവരികയും ചെയ്തു; ഭാഗ്യം. ഇമ്മട്ടിലേ അദ്ദേഹം വിചാരിക്കുന്നുള്ളുവെങ്കിൽ ഒരു കഴപ്പവുമില്ല. അതല്ല "എന്റെ കഥ ഉത്കൃഷ്ടമായ ഒരു വാരികയിൽ പ്രസിദ്ധപ്പെടുത്തി. അതുകൊണ്ട് അക്കഥ ഉത്കൃഷ്ടം തന്നെ" എന്നാണ് അദ്ദേഹം വിചാരിക്കുന്നതെങ്കിൽ — ക്ഷമിക്കണം — അത് സ്നോബറിയാണ്.

അയ്യായിരം രൂപ ചെലവാക്കുമ്പോൾ എം. എ. ഡിഗ്രി കിട്ടും. പിന്നീട് കടലാസ്സിന്റെ താഴെനിന്ന് മുന്നിഞ്ചു മുകളിൽ ഒരു വരയിട്ട് രണ്ടു സ്ഥലത്തും രണ്ടു രീതിയിലെഴുതുമ്പോൾ പി. എച്ച്. ഡി. കിട്ടും. രണ്ടിനും കുറെ പുസ്തകങ്ങൾ വായിക്കേണ്ടിവരും. അങ്ങനെ സമാർജ്ജിച്ച അറിവ് ഉലികയിലൂടെയും വക്ത്രത്തിൽക്കൂടിയും ബഹിർഗ്ഗമിപ്പിച്ചിട്ട് "ബഹുമാനിയാ ഞാനാരെയും തൃണവൽ" എന്ന് ഉദ്ഘോഷിക്കുന്നതിൽ അർത്ഥമില്ല. നിശ്ശബ്ദവായന നടത്തുന്ന, നിശ്ശബ്ദ ചിന്തനം നടത്തുന്ന വിദഗ്ദ്ധന്മാർ കേരളത്തിൽ വളരെയുണ്ട്. ഇസ്രായേലിൽ ഈശ്വരൻ മന്ന എറിഞ്ഞപ്പോൾ അത് എല്ലാവർക്കും കിട്ടി. വല്ലഭായിപട്ടേൽ പണ്ടെറിഞ്ഞ മന്ന ചിലർക്കേ കിട്ടുന്നുള്ളു. അതുകിട്ടിയവർ അഹങ്കരിക്കരുത്. കിട്ടാത്തവർ ദുഃഖിക്കരുത്. പട്ടേലിന്റെ മന്ന കിട്ടിയവർക്കും കിട്ടാത്തവർക്കും തമ്മിൽ ധൈഷണികമായി ഒരു വ്യത്യാസവുമില്ല.

സ്യൂഡോ ആർട്

ജോസഫ് മുണ്ടശ്ശേരി

പേരുകളെഴുതുന്നില്ല. ചിലർ പ്രസംഗിക്കാൻ തുടങ്ങിയാൽ ഒരു ശബ്ദപ്രപഞ്ചമുണ്ടാകും. അതിന്റെ ലയത്തിലൂടെ ശ്രോതാക്കൾ ഒഴുകിപ്പോകും. പ്രഭാഷണം കഴിയുമ്പോൾ നിലയ്ക്കാത്ത കരഘോഷം. അപ്പോൾ പ്രസംഗം കേട്ടയാളിനോടു ചോദിക്കൂ പ്രഭാഷകൻ പറഞ്ഞതെന്താണെന്ന്. അയാൾക്കെന്നല്ല ആ മുറിയിൽ ഉണ്ടായിരുന്ന ആർക്കും തന്നെ അതിനു മറുപടി തരാൻ സാദ്ധ്യമാവുകയില്ല. അർത്ഥമില്ലാത്ത പദങ്ങളെ യോജിപ്പിച്ച് ലയാത്മകമായി വാക്യങ്ങൾ പ്രവഹിപ്പിക്കുമ്പോൾ ആ ലയത്തിന്റെ തൊട്ടിലിൽ കിടന്നു സുഷുപ്തിയിൽ വിലയംകൊള്ളുകയാണ് ശ്രോതാവ്. നേരേമറിച്ച് മുണ്ടശ്ശേരിയുടെ പ്രഭാഷണം കേട്ടാൽ, ബി. സി. വർഗ്ഗീസിന്റെ പ്രഭാഷണം കേട്ടാൽ അവർ പറഞ്ഞതെന്തെന്ന് നമ്പരിട്ടു പറയാൻ സാധിക്കും. അതാണ് വാഗ്മിത കൊണ്ടുണ്ടാകുന്ന ഗുണം. ആദ്യം പറഞ്ഞ കൂട്ടരുടെ പ്രഭാഷണങ്ങൾ കപടവാഗ്മിതയാണ്; വാചാലതയാണ് ഈ കാപട്യമാണ് ഉണ്ണിക്കൃഷ്ണൻ തിരുവാഴിയോടിന്റെ കഥകളുടെ സവിശേഷത. അതു കഥാദ്വൈവാരികയിലെ 'ചിതാഭസ്മത്തിലെ കനലുകൾ' എന്ന ചെറുകഥയിലും കാണാം. വിദേശത്തുനിന്നു വരുന്ന ഒരു യുവതിയെ ഒരുത്തൻ സ്വീകരിക്കുന്നു, അവർ കുടിക്കുന്നു, രസിക്കുന്നു. അവൾ അയാളുടെ നിർബ്ബന്ധമനുസരിച്ച് സ്വന്തം കഥ പറയുന്നു. പിരമിഡുകളോളം പഴക്കമുള്ള കഥ. ആർത്തവംനിന്ന അവൾ യുവതിയായിത്തന്നെ ഇരിക്കുന്ന കഥ. ശാശ്വതമായ സ്ത്രീത്വമാണ് കഥാകാരൻ ഊന്നിപ്പറയുക. അതിനു വേണ്ടി അദ്ദേഹം സകല മധുരപദങ്ങളുമെടുത്തു വയ്ക്കുന്നു. താളാത്മകമായി ചേർക്കുന്നു. ഒഴുക്കിവിടുന്നു. ഹൃദയപരിപാകമില്ലാത്ത അനുവാചകൻ ആ ഒഴുക്കിലൂടെ ഒഴുകും. പക്ഷേ, വിവരമുള്ള വായനക്കാരൻ ഈ സ്യൂഡോആർട് കണ്ടു മാറിനിൽക്കും. സൂക്ഷ്മങ്ങളായ വാക്കുകൾകൊണ്ട് സൂക്ഷ്മങ്ങളായ ആശയങ്ങളും വികാരങ്ങളും പ്രതിപാദിക്കുന്നതാണ് കല. അതിൽ പദങ്ങളുടെ പെരുവെള്ളപ്പാച്ചിലിനു സ്ഥാനമൊട്ടുമില്ല.

> 'പ്രതിപാത്രം ഭാഷണഭേദം' എന്ന എൻ. കൃഷ്ണപിള്ളയുടെ വിമർശനഗ്രന്ഥം തികച്ചും ഉജ്ജ്വലമാണ്. ...ഈ ഗ്രന്ഥം കൃഷ്ണപിള്ളസ്സാറിന്റെ 'മാഗ്നം ഓപസ്' ആണെന്നുമാത്രം പറഞ്ഞാൽ പോരാ. മലയാള നിരൂപണസാഹിത്യത്തിലെ അദ്വിതീയമായ ഗ്രന്ഥമാണതു്. മറ്റു ഭാരതീയ ഭാഷകളിലും ഇതുപോലൊരു കൃതി കാണുമോ എന്നു സംശയം.

ഭാവശൂന്യമായ ഒരു വാക്യം താളാത്മകമായി എഴുതിപ്പോയാൽ അടുത്ത വാക്യം അതുപോലെയെഴുതാനുള്ള പ്രവണത ഉണ്ടാകും. അതെഴുതിയാൽ മൂന്നാമത്തെ വാക്യം അതുപോലെ എഴുതാനുള്ള പ്രവണത. അങ്ങനെ അവിരാമമായി എഴുതും. 'സ്മാളി'ൽ തുടങ്ങുന്നയാൾ 'ലാർജി'ലേക്കും പിന്നീട് പല ലാർജ്ജുകളിലേക്കും പോയി ബോധം കെടുന്നതിനു തുല്യമായ അവസ്ഥയാണിതു്. അല്ലെങ്കിൽ ഒരു പി. എച്ച്. ഡി. എടുത്തയാൾ പല പി. എച്ച്. ഡി. എടുക്കുമ്പോലെ. ഒരു കഥ കേട്ടിട്ടുണ്ട്. ഒരുത്തൻ ആറാമത്തെ പി. എച്ച്. ഡി. നൽകിയ കമ്മിറ്റിയോട് എന്തിന് അതു കൊടുത്തുവെന്ന് ആരോ ചോദിച്ചു. കമ്മിറ്റിയുടെ മറുപടി: അയാൾക്കു അഞ്ചു പി. എച്ച്. ഡി. ഉണ്ടല്ലോ നേരത്തേ പ്രഗല്ഭനായിരിക്കുമെന്നു വിചാരിച്ച് ഞങ്ങളും കൊടുത്തു ആറാമത്തേതു്. അഞ്ചാമത്തെ ഡിഗ്രി നല്കിയ കമ്മിറ്റി പറഞ്ഞതു് "നേരത്തേ നാലെണ്ണമുണ്ടല്ലോ" എന്നാണ്. ഇങ്ങനെ ഓരോന്നു കുറച്ചു ഓരോ കമ്മിറ്റിയും പറഞ്ഞു. ഒടുവിൽ ആദ്യത്തെ പി. എച്ച്. ഡി. കൊടുത്ത കമ്മിറ്റിയോടു ചോദിച്ചപ്പോൾ അവർ പറഞ്ഞു: "പള്ളിക്കാരനു് ഇംഗ്ലീഷുമറിഞ്ഞുകൂടാ മലയാളവുമറിഞ്ഞുകൂടാ, വയറ്റുപിഴപ്പിനു സഹായിക്കുമെങ്കിൽ സഹായമാവട്ടെ എന്നു പറഞ്ഞു ഞങ്ങൾ ആദ്യത്തെ പി. എച്ച്. ഡി. കൊടുത്തു.

അവർ പറഞ്ഞു

താഴെ പേരെഴുതിയിട്ടുള്ള വ്യക്തികൾ എന്നോടു പറഞ്ഞു:

ജി. ശങ്കരക്കുറുപ്പ്: ഉത്സവസ്ഥലത്ത് പോകുമ്പോൾ ആകസ്മികമായി കിട്ടുന്ന സ്പർശം അതു ലഭിച്ചയാളിനെ ആഹ്ലാദിപ്പിക്കും. ആ ആഹ്ലാദമാണ് കവിതയും നല്കുന്നതെന്ന് നിങ്ങൾ വിചാരിക്കരുത്.

ചങ്ങമ്പുഴ: കവിതയ്ക്കു "മോറൽ അതോറിറ്റി" ഇല്ല. സാന്മാർഗ്ഗികമായ പ്രഭാവം വന്നാൽ കവിത തകരും.

വെണ്ണിക്കുളം: പലപ്പോഴും, പറയാനുള്ളതു് ആദ്യം ഗദ്യത്തിലെഴുതിയിട്ടാണ് ഞാൻ പദ്യമാക്കി മാറ്റുന്നതു്.

പി. കുഞ്ഞിരാമൻനായർ: ഞാനയച്ച സ്വകാര്യക്കത്ത് നിങ്ങൾ ...നായർ എന്ന കവിയെ കാണിച്ചില്ലേ? നിങ്ങൾ നല്ല മനുഷ്യനാണോ?

ഡോക്ടർ കെ. ഭാസ്കരൻനായർ: കാമവികാരത്തിൽ ആറാട്ടു നടത്തുന്ന പീറക്കഥകളെക്കുറിച്ചെഴുതി നിങ്ങൾ ജീവിതം പാഴാക്കരുത്. ഭാരതീയ സംസ്കാരത്തെക്കുറിച്ച് എഴുതൂ.

വള്ളത്തോൾ: നിങ്ങളുടെ കവിതയിൽ മൗലികതയില്ല. ചെറുശ്ശേരിയുടെ കൃഷ്ണഗാഥ ഹൃദിസ്ഥമാക്കൂ. എന്നിട്ട് എഴുതാൻ ശ്രമിക്കൂ.

പുത്തേഴത്തു രാമൻമേനോൻ: സംസ്കൃതപാണ്ഡിത്യം കൂടുതൽ കൂടുതൽ ആർജ്ജിക്കുന്തോറും അതാർജ്ജിക്കുന്നവന്റെ മനസ്സ് സങ്കചിതമായി വരും.

എ. ബാലകൃഷ്ണപിള്ള: മനുഷ്യനു സർക്കാരില്ലാതെ സുഖമായി കഴിഞ്ഞു കൂടാൻ സാധിക്കും.

വക്കം അബ്ദുൾഖാദർ: നിങ്ങളെപ്പോലെ ലേഖനങ്ങളെഴുതി ബഹളം ഉണ്ടാക്കിക്കൊണ്ടു നടന്നാലേ ജീവിതമാകുകയുള്ളോ? നിശ്ശബ്ദനായി ജീവിക്കുന്നതും ജീവിതമല്ലേ?

കെ. ബാലകൃഷ്ണൻ: എനിക്കെന്റെ ഈ ശിപായിയെ നോവലിസ്റ്റാക്കിയാൽ കൊള്ളാമെന്നുണ്ട്. കഴിയുമോ എനിക്കതിന്? ജി. വിവേകാനന്ദനെക്കൊണ്ട് എനിക്കു 'കള്ളിച്ചെല്ലമ്മ' എഴുതിക്കാം. ഒ. എൻ. വി. കുറുപ്പിനെക്കൊണ്ട് 'ദാഹിക്കുന്ന പാനപാത്രം' എന്ന കവിതയെഴുതിക്കാം. എന്നാൽ ശിപായിയെ നോവലിസ്റ്റാക്കാൻ പറ്റില്ല.

വയലാർ രാമവർമ്മ: നിങ്ങൾ മുട്ടത്തു വർക്കിയെക്കുറിച്ചെഴുതി നന്നായി. എന്നാൽ അതുപോലെ എന്നെക്കുറിച്ചെഴുതുമ്പോൾ എനിക്കു ഖേദമാണ്.

വയലാർ രാമവർമ്മയുടെ അമ്മ: നിങ്ങളെ എനിക്കിഷ്ടമില്ല. നിങ്ങൾ കുട്ടന്റെ കവിത മോശമാണെന്നു പറയുന്ന ആളല്ലേ?

ഞാൻ എന്നോട്: എല്ലാ അഭിനേതാക്കളും നന്നായി പെരുമാറും. അവർ അഭിനയത്തിൽ പ്രഗല്ഭരാണല്ലോ.

സേതു

സേതു

സേതു മാതൃഭൂമി ആഴ്ചപ്പതിപ്പിലെഴുതിയ 'ദൂത്' എന്ന ചെറുകഥ മലയാള ചെറുകഥാസാഹിത്യത്തിലെ ഒരു നൂതന നിഷ്ക്രമണം തന്നെയാണ്. ശുദ്ധമായ കഥ മാത്രമുള്ള ചെറുകഥകൾ നമുക്കുണ്ട്. അവ വായിച്ച് നമ്മൾ രസിക്കുന്നു. ആ കഥ പറയുന്നതോടൊപ്പം സൂചനകളിലൂടെയും വാഗ്മിതയാർന്ന മൗനത്തിലൂടെയും മറ്റൊരു ലോകത്തെ ചിത്രീകരിക്കുന്ന കഥകൾ അധികമില്ല. വിരളമായ അത്തരം കഥകളിൽ അദ്വിതീയമായ സ്ഥാനമുണ്ട് ദൂതിന്. അച്ഛനും മകനും പിണക്കം. മകൻ ജോലി സ്ഥലത്ത്. മകന്റെ ആദ്യത്തെ കുട്ടിയെ അച്ഛൻ കണ്ടിട്ടില്ല. അവനു രണ്ടാമത്തെ കുട്ടി ജനിച്ചെന്നും കഴിഞ്ഞതൊക്കെ മറന്ന് ആ മകന് അച്ഛനെ വന്നു കാണാൻ ആഗ്രഹമുണ്ടെന്നും അറിയിക്കാനാണ് അയാളുടെ സ്നേഹിതൻ വൃദ്ധന്റെ അടുക്കലെത്തിയിരിക്കുന്നതു്. പക്ഷേ, വയസ്സൻ ഉറച്ചുതന്നെ നില്ക്കുന്നു. ദിവ്യമായ വിഗ്രഹംപോലും ഉപദ്രവകരമാണെന്നു കണ്ടപ്പോൾ കിണറ്റിലെറിഞ്ഞവനാണ് മകനെന്നു പറഞ്ഞു ദൂതൻ ആ മകന്റെ നിശ്ചയദാർഢ്യത്തേയും അച്ഛനോട് പിണങ്ങാനുള്ള ധൈര്യത്തേയും അഭിവ്യഞ്ജിപ്പിക്കുമ്പോൾ ആ പിതാവ് അതിനു പകരമായി മറ്റൊരു സംഭവം ആഖ്യാനംചെയ്ത് തന്റെ നിലയെ നീതിമത്കരിക്കുന്നു. രേഖാരൂപത്തിലുള്ള ആഖ്യാനമല്ല ഈ കഥയ്ക്കുള്ളതു്. ചാക്രികരൂപമാണിതിന്. അതിലൂടെ രണ്ടു വ്യക്തികൾ — അച്ഛനും മകനും — ഉരുത്തിരിഞ്ഞു വരുന്നു. അവരിൽ അച്ഛന്റെ രൂപത്തിനു തിളക്കമേറും. മകനു വരണമെങ്കിൽ വരാം. പക്ഷേ, അച്ഛൻ അവനെ കാണില്ല. എന്താ കാരണമെന്ന് ദൂതന്റെ അന്വേഷണം ഉത്തരവും തുടർന്നുള്ള ഭാഗവും അനുഗൃഹീതനായ കഥാകാരന്റെ വാക്കുകളിൽത്തന്നെ കേട്ടാലും:

> "ഞാൻ യാത്രയാണല്ലോ"
> "എങ്ങോട്ട്?"
> "ഈ പ്രായത്തില് യാത്രപോകുന്നവരോട് എങ്ങോട്ടെന്നു ചോയ്ക്കണതു് വെറും ഭോഷ്ക്കല്ലേ ചങ്ങാതി, ഒരു നീണ്ടയാത്രയാന്നെന്നെ നിരീച്ചോളു".
> "അപ്പോൾ അച്ചതൻ കുട്ടിയോട്-"
> "യാത്രയാന്ന് പറയൂ".
> "അവൻ വരികയാണെങ്കിലോ-"
> "യാത്രയാന്ന് പറയൂ".
> "ഒന്നുകാണണമെന്നുവച്ചാൽ-"
> "യാത്രയാന്നന്നെ പറയാല്ലോ".

മരണം വരെയും മകനെ കാണില്ല എന്ന അച്ഛന്റെ നിശ്ചയദാർഢ്യം. സ്വർണ്ണാഭരണത്തിൽ രത്നം പതിച്ചാൽ എന്തു ശോഭയായിരിക്കും! ആ ശോഭയാണ് ഈ കഥയുടെ പര്യവസാനത്തിനും. ഈ കഥ വായിച്ചുകഴിഞ്ഞപ്പോൾ മലയാളകഥാസാഹിത്യത്തിന് ലജ്ജിക്കാനൊന്നുമില്ലെന്ന് എനിക്കു തോന്നി. കഥയുടെ ബാഹ്യലോകവും അതിന്റെ ഉപലോകവും ഒരേ മട്ടിൽ എന്നെ 'ഹോൺട്' ചെയ്യുന്നു.

എൻ. കൃഷ്ണപിള്ള



എൻ. കൃഷ്ണപിള്ള

സ്വർണ്ണമുരച്ചു നോക്കുന്നതു ചാണയിലാണ്. മൂല്യത്തിന്റെ നികഷോപലമോ? അത് ജീവിതസംതൃപ്തിയാണ് ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും സംതൃപ്തിയോടെ ജീവിക്കുന്ന പുരുഷരത്നമാണ് പ്രൊഫസർ എൻ. കൃഷ്ണപിള്ള. അദ്ദേഹം നാടകകർത്താവാണ്. നാടകരചനയിൽ വിജയംവരിച്ച എന്ന നിലയിൽ സംതൃപ്തിയുണ്ട് അദ്ദേഹത്തിന്. അദ്ധ്യാപകൻ, നിരൂപകൻ, പ്രഭാഷകൻ ഈ നിലകളിലും വിജയശ്രീലാളിതനത്രേ കൃഷ്ണപിള്ളസ്സാർ. മനുഷ്യനെന്ന നിലയിലും അദ്ദേഹം പരിഗണനാർഹനായിരിക്കുന്നു. ആരെയും ദുഷിക്കാതെ അദ്ദേഹം നല്ല കർമ്മങ്ങളിൽ മുഴുകിജീവിക്കുന്നു. ഈ മണ്ഡലങ്ങളിലെല്ലാം സംതൃപ്തിയാർന്നതുകൊണ്ട് അദ്ദേഹം സ്ഥാനമാനങ്ങൾക്കുവേണ്ടി നടക്കാറില്ല. ഇങ്ങോട്ടു വന്നുകയറുന്നതിനെപ്പോലും നിരാകരിക്കാനേ അദ്ദേഹത്തിനു് പ്രവണതയുള്ളു. അതിനാൽ മൂല്യവത്തായ ജീവിതമാണ് കൃഷ്ണപിള്ളസ്സാറിന്റേതെന്ന് അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കാം. അദ്ദേഹത്തിന് എഴുപതുവയസ്സ് തികയുന്നു. ഈ സന്ദർഭത്തിൽ ടി. എൻ. ഗോപിനാഥൻ നായർ അദ്ദേഹത്തിന്റെ സിദ്ധികളെ അവലോകനം ചെയ്തുകൊണ്ട് മനോരമ ആഴ്ചപ്പതിപ്പിൽ എഴുതിയിരിക്കുന്നു. സത്യത്തിന്റെ ദർശനം ആഹ്ളാദദായകമായതുകൊണ്ട് ആ ലേഖനം എന്നെ ആഹ്ളാദിപ്പിച്ചു.

ഏതാനും ദിവസങ്ങൾക്കുമുൻപ് പ്രസാധനം ചെയ്ത 'പ്രതിപാത്രം ഭാഷണഭേദം' എന്ന എൻ. കൃഷ്ണപിള്ളയുടെ വിമർശനഗ്രന്ഥം തികച്ചും ഉജ്ജ്വലമാണ്. സി. വി. രാമൻപിള്ളയുടെ ചരിത്രനോവലുകളിലെ കഥാപാത്രങ്ങൾ തമ്മിൽ സംസാരിക്കുമ്പോൾ ഭാഷാപരമായ 'ഇന്ററാക്ഷൻ' കൊണ്ട് മറ്റൊരു ലോകം ആവിഷ്കൃതമാകുന്നതിനെ കലാപരമായ ദൃഢപ്രത്യയം ഉളവാകുമാറ് എടുത്തുകാണിക്കുന്ന ഈ ഗ്രന്ഥം കൃഷ്ണപിള്ളസ്സാറിന്റെ 'മാഗ്നം ഓപസ്' (മഹനീയമായ കൃതി) ആണെന്ന മാത്രം പറഞ്ഞാൽ പോരാ. മലയാള നിരൂപണ സാഹിത്യത്തിലെ അദ്വിതീയമായ ഗ്രന്ഥമാണതു്. മറ്റു ഭാരതീയ ഭാഷകളിലും ഇതുപോലൊരു കൃതി കാണുമോ എന്നു സംശയം.

അയൽവീട്ടുകാരനെ സ്നേഹിക്കണം—ഈ ഉപദേശം സദാചാരപരമാണ്; മനസ്സിന് ഉത്കൃഷ്ടത വരുത്തുന്നതാണ്. "ഞാൻ ആരോടും മിണ്ടുകില്ല. സന്ധ്യയ്ക്കേ റോഡിലിറങ്ങൂ. ഇറങ്ങിയാലും അന്യന്റെ മുഖത്തു നോക്കില്ല. ഫയലിൽ കാണുന്നതനുസരിച്ച് ഓർഡറിടും" ഉദ്യോഗസ്ഥന്റെ ഈ ചിന്താഗതി സന്മാർഗ്ഗപരംതന്നെ. പക്ഷേ, അതു മനസ്സിന് ഉത്കൃഷ്ടത നല്കുകയില്ല. സ്വന്തം മനസ്സിന് ഉന്നമനം വരുത്താതെ സദാചാരപരമായ ജീവിതം നയിക്കുന്നതുകൊണ്ട് പ്രയോജനമില്ല.

□

എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

സാഹിത്യവാരഫലം

36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.

1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

RIVER VALLEY
DIGITAL LIBARY
empowering the author ...

- "റിവർ വാലി പ്രസ്" എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

രാജ്യം	കറൻസി	വരിസംഖ്യ
ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ)	രൂപ	238
യുഎസ്, കാനഡ	യുഎസ് ഡോളർ	10
യൂറോപ്	യൂറോ	10
മറ്റു വികസിത രാഷ്ട്രങ്ങൾ	യുഎസ് ഡോളർ	10
ഖത്തർ	റിയാൽ	20
യുഎഇ	ദിർഹം	20
സൗദി അറേബ്യ	റിയാൽ	20
കുവൈറ്റ്	ദിനാർ	2
ഒമാൻ	ദിനാർ	2
ബഹ്റിൻ	ദിനാർ	2
മലേഷ്യ	റിങ്ങിറ്റ്	25

- പ്രസാധകരുടെ നിരന്തരചൂഷണത്തിനു വിധേയരായി ക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/ കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/ സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who's who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.